ഉത്തരം

(എ) ആലപ്പുഴ ജില്ലയിൽ മാലിഖാന പെൻഷനും കോട്ടയം ജില്ലയിൽ കുടുംബരാഷ്ട്രീയ പെൻഷനും എറണാകുളം ജില്ലയിൽ ഉത്രാടം പെയ്മെന്റും കോഴിക്കോട് ജില്ലയിൽ സാമൂതിരി കുടുംബത്തിൽപ്പെട്ടവർക്കുള്ള പെൻഷനും ഇപ്പോൾ നൽകിവരുന്നുണ്ട്.

(ബി) പെൻഷൻ നൽകിവരുന്നവരുടെ വിവരം താഴെകൊടുക്കുന്നു.

ആലപ്പുഴ ജില്ല	- 505
കോട്ടയം ജില്ല	- 154
എറണാകുളം ജില്ല	- 8
കോഴിക്കോട് ജില്ല	- 150

(സി) ഇതിനുവേണ്ടിവരുന്ന തുക താഴെ കാണിച്ചിരിക്കുന്നു.

ആലപ്പുഴ ജില്ല	- 18,18000 രൂപ
കോട്ടയം ജില്ല	- 55,440 രൂപ
എറണാകുളം ജില്ല	- 112 രൂപ
കോഴിക്കോട് ജില്ല	- 2,00,000 രൂപ

ക്ഷേത്രങ്ങൾക്ക് ആനുവിറ്റി നൽകുന്നതിനുള്ള നടപടി

84 (1644) ഡോ. എം. എ. കുട്ടപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഭൂപരിഷ്ക്കരണ നിയമപ്രകാരം എത്ര ക്ഷേത്രങ്ങൾക്കു ആനുവിറ്റി കൊടുക്കേണ്ടതുണ്ട് ;

(ബി) ആകെ എന്തു തുകയാണ് ഈയിനത്തിൽ പ്രതിവർഷം കൊടുക്കേണ്ടതായി വരുന്നത് ;

(സി) ആനുവിറ്റി ഇനത്തിൽ എന്തു കുടിശ്ശിക നൽകാനുണ്ട് ;

(ഡി) വർദ്ധിച്ചുവരുന്ന ചെലവുകളുടെ അടിസ്ഥാനത്തിൽ ഈ തുക വർദ്ധിപ്പിക്കണമെന്ന ആവശ്യം ഉയർന്നിട്ടുണ്ടോ ; എങ്കിൽ അക്കാര്യത്തിൽ എന്തെല്ലാം നടപടികൾ എടുത്തുവെന്ന് പറയാമോ ?

ഉത്തരം

(എ) ഭൂപരിഷ്ക്കരണ നിയമത്തിലെ 65-ാം വകുപ്പു പ്രകാരം 3547 മത-ധർമ്മ-വിദ്യാഭ്യാസ സ്ഥാപനങ്ങളെ വർഷാശനം ലഭിക്കുന്നതിന് പൊതുസ്വഭാവം ഉള്ളവയായി പ്രഖ്യാപിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഏകദേശം 100 ലക്ഷം രൂപ ഈയിനത്തിൽ പ്രതിവർഷം വിതരണം ചെയ്തുവരുന്നു.

(സി) ചില ദേവസ്വങ്ങളുടെ വർഷാശനം ഇനിയും തീർപ്പാക്കുവാനുള്ളതു കൊണ്ട് ശരിയായ കുടിശ്ശിക തുക ക്ലിപ്തപ്പെടുത്താൻ കഴിഞ്ഞിട്ടില്ല.

(ഡി) ഉണ്ട്. വർഷാശനം മുന്നിരട്ടിയായി വർദ്ധിപ്പിക്കുന്നതിനും, ഓരോ അഞ്ച് വർഷം കൂടുമ്പോഴും 25% വർദ്ധനവ് വരുത്തുന്നതിനും തീരുമാനമായിട്ടുണ്ട്. ഇതിന്റെ നടപടി അന്തിമഘട്ടത്തിലാണ്.

മുൻ ജന്മിമാരെ സഹായിക്കുന്നതിനുള്ള പദ്ധതി

85. (1646) ശ്രീ. ജോർജ് ജെ. മാത്യു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഭൂപരിഷ്കരണ നടപടികളുടെ ഫലമായി ജീവിക്കാൻ മാർഗ്ഗമില്ലാതായി തീർന്ന മുൻ ജന്മിമാരെ സഹായിക്കുന്നതിനുള്ള പദ്ധതി നടപ്പിലാക്കിയോ ;

(ബി) ഈ പദ്ധതി പ്രകാരം മുൻ ജന്മിമാർക്ക് സഹായം ലഭിക്കുവാനുള്ള വ്യവസ്ഥകൾ എന്തെല്ലാം ;

(സി) ഈ പദ്ധതി പ്രകാരം എന്തെല്ലാം സഹായങ്ങളാണ് മുൻ ജന്മിമാർക്ക് നൽകി വരുന്നതെന്ന് വെളിപ്പെടുത്തുമോ ;

(ഡി) നിലവിൽ എത്ര പേർക്ക് ഈ പദ്ധതി പ്രകാരം സഹായം നൽകുന്നുണ്ട് ;

(ഇ) ഇതിന് കുടിശ്ശിക വരുത്തിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ വിശദാംശം വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഒരു പെൻഷൻ പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്.

(ബി&സി) വാർഷിക വരുമാനം 12000 രൂപയിൽ കവിയാത്തവരും, 50 സെന്റിലധികം ഭൂമി കൈവശമില്ലാത്തവരും, ഭൂപരിഷ്കരണംമൂലം ഒരേക്കർ ഭൂമിയെങ്കിലും നഷ്ടമായിട്ടുള്ളവരും, 60 വയസ് കഴിഞ്ഞവരും, മറ്റ് പെൻഷൻ ലഭിക്കാത്തവരുമായ ഭൂ ഉടമകൾക്ക് പെൻഷന് അർഹതയുണ്ട്. പെൻഷന് അപേക്ഷിക്കുന്ന താലൂക്കിൽ സ്ഥിര താമസക്കാരനുമായിരിക്കണം.

(ഡി) 210 പേർക്ക്.

(ഇ) ഉണ്ട്. പാലക്കാട് ജില്ലയിൽ 2001 ജനുവരി മാസം മുതലുള്ള കുടിശ്ശിക നൽകാനുണ്ട്. പ്രസ്തുത തുക അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly